## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4596** **02-07-2024 - ൽ മറുപടിയ്ക്ക്**

## പാലക്കാട് ജില്ലയിൽ ബഫർ സോണിൽപെട്ട പ്രദേശങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളാണ് ബഫർ സോൺ പരിധിയിൽ വരുന്നതെന്ന് വിശദമാക്കുമോ; | (എ) | പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര, കിഴക്കഞ്ചേരി, വണ്ടാഴി, നെല്ലിയാമ്പതി, പെരിങ്ങോട്ടുകുറിശ്ശി, കുത്തന്നൂർ, തരൂർ, മുതലമട, തെങ്കര, കുമരംപുത്തൂർ, അലനല്ലൂർ, പുതൂർ, അഗളി എന്നീ പഞ്ചായത്തുകളാണ് ഇക്കോ-സെൻസിറ്റീവ് സോൺ പരിധിയിൽ വരുന്നത്. |
| (ബി) | ബഫർ സോണുമായി ബന്ധപ്പെട്ട് ആലത്തൂർ മണ്ഡലത്തിൽ നിന്ന് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; പ്രസ്തുത പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) | ഇക്കോ-സെൻസിറ്റീവ് സോണുമായി ബന്ധപ്പെട്ട് ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്തിൽ നിന്നും 938 പരാതികളും വണ്ടാഴി ഗ്രാമപഞ്ചായത്തിൽ നിന്നും 160 പരാതികളുമായി മൊത്തം 1098 പരാതികൾ ലഭിച്ചിരുന്നു. ആയത് പരിഹരിച്ച് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (KSREC) ന്റെ അസറ്റ് മാപ്പർ ആപ്പ് പ്രകാരം വിവരങ്ങൾ അപ്‌ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ